



പാഠം 1

## പാട്ടിന്റെ പാലാഴി

### അദ്ധ്യായ വിശകലനം

പാഠത്തിന്റെ പേര് : പാട്ടിന്റെ പാലാഴി

അദ്ധ്യാപികയുടെ പേര് : രഞ്ജന. ആർ

പഠനനേട്ടങ്ങൾ : ഗദ്യപാഠത്തിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഒഴുക്കോടെയും, ഉച്ചാരണശുദ്ധിയോടെയും വായിക്കുന്നു.

: പാഠഭാഗത്തു നിന്നും, അനുബന്ധവായനയിൽ നിന്നും സ്വാംശീകരിച്ച ആശയങ്ങൾ, വ്യത്യസ്ത ആവിഷ്കാര രൂപങ്ങളിൽ (പ്രസംഗം) പ്രകടിപ്പിക്കുന്നു

: ആശയങ്ങൾ വിശകലനം ചെയ്ത് ചർച്ചകളിൽ സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു.

: ലേഖനങ്ങളിൽ ഉപശീർഷകം ഉപയോഗിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തുന്നു

ആശയം/ധാരണ : അന്യരെ കൈപിടിച്ചുയർത്തുമ്പോഴാണ് സ്വന്തം ജീവിതത്തിന് ധന്യത വരുന്നത്.

: നല്ല സുഹൃത് ബന്ധങ്ങൾ ജീവിതവിജയത്തിന് കാരണമാവുന്നു.

: കഷ്ടപ്പാടുകളും ദുരിതങ്ങളും അനുഭവിച്ച് ഉയർന്നു വന്ന നിരവധി കലാകാരന്മാർ ഉണ്ടായിട്ടുണ്ട്

: രചനയിലെ ശീർഷകം പോലെ തന്നെ ഉപശീർഷകത്തിനും പ്രാധാന്യമുണ്ടെന്നു തിരിച്ചറിയുന്നു.

പ്രവർത്തനങ്ങൾ : വായന, ചർച്ച, വിശകലനം, അനുഭവങ്ങൾ പങ്കുവയ്ക്കൽ, അനുസ്മരണം

പഠനത്തെളിവുകൾ : ചർച്ചക്കുറിപ്പ്, അഭിപ്രായക്കുറിപ്പ്, അനുസ്മരണം പ്രസംഗം

വിലയിരുത്തൽ : ചർച്ചയിലെ പങ്കാളിത്തവും, അഭിപ്രായങ്ങളുടെ യുക്തിയും, ഉപയോഗിക്കുന്ന ഭാഷയും, രചനകളിൽ ആശയ വ്യക്തത, മൗലികത, ഭാഷാശൈലി വായനയിലെ ഒഴുക്ക് ഉച്ചാരണ സ്ഫുടത, ശബ്ദനിയന്ത്രണം.

# ദൈനംദിനാസൂത്രണം

## പ്രവേശകപ്രവർത്തനം

മലയാളത്തിന്റെ മഹാനടൻ മോഹൻലാലിന്റെ ഓർമ്മക്കുറിപ്പുകളിൽ ഒന്നാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. കലാകാരന്റെ ചില സവിശേഷതകളെക്കുറിച്ചും സൗഹൃദങ്ങൾ വ്യക്തിജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചുമാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത്. നാടൻകലകൾ മുതൽ സിനിമയെന്ന മാധ്യമം വരെയുള്ള സമ്പുഷ്ടമായ കലാപാരമ്പര്യമാണ് നമ്മുടേത്. കുട്ടിക്കാലത്തെ സൗഹൃദങ്ങൾ കലാപ്രവർത്തനത്തിനുള്ള പ്രചോദനമാകുന്നുവെന്ന ധാരണ കുട്ടികളിൽ വളർത്തിയെടുക്കാൻ സഹായിക്കുന്ന പ്രവേശകമാണിത്.

- മോഹൻലാലിന്റെ വേഷപ്പകർച്ചകളുടെ ചിത്രം പ്രദർശിപ്പിക്കുന്നു വാനപ്രസ്ഥം പോലെയുള്ള സിനിമയിലെ രംഗങ്ങൾ.
- മോഹൻലാലിനെക്കുറിച്ച് ചർച്ച
- തുടർന്ന് പ്രവേശകമായി നൽകിയ ഭാഗം വായന
- തിരനോട്ടം എന്ന ശീർഷകത്തിന്റെ ആശയം അധ്യാപിക വിശദീകരിക്കുന്നു.

**തിരനോട്ടം**

കഥകളിയിൽ കത്തി, കരി, താടി വേഷങ്ങളുടെ രംഗപ്രവേശം വേദിയിലൂടെ ഒരു ചടങ്ങാണ് തിരനോട്ടം. പ്രധാന കാര്യങ്ങളുടെ തുടക്കത്തെ സൂചിപ്പിക്കുന്ന രീതിയായി ഈ പദം മാറിയിട്ടുണ്ട്

1, ഞാനെന്ന കടലാസുവഞ്ചിയെ സിനിമയെന്ന മഹാസമുദ്രത്തിലേക്ക് ഒഴുക്കി വിട്ടത് ആരെന്നാണ് മോഹൻലാൽ പറയുന്നത്?

- സൗഹൃദലോകത്തിന്റെ പ്രത്യേകതകളെക്കുറിച്ച് സംസാരിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- കൂട്ടുകാരുടെ അംഗീകാരവും പ്രചോദനവും പ്രോത്സാഹനമായിത്തീർന്ന അനുഭവങ്ങൾ കുട്ടികൾ പറയുന്നു.

- അനുഭവങ്ങളുടെ പങ്കുവയ്ക്കലിലൂടെ ഒരാളുടെ വളർച്ചയിൽ കൂട്ടുകാരുടെ സ്വാധീനം വളരെ വലുതാണെന്ന ആശയം ഉറപ്പിച്ചുകൊണ്ട് കലാകാരന്റെ നന്മകളെക്കുറിച്ച് പ്രവേശക പ്രവർത്തനത്തിൽ പറയുന്ന കാര്യങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.
- ഗ്രൂപ്പിൽ ചർച്ച
- ചർച്ചാസൂചനകൾ

1, മോഹൻലാൽ സിനിമയിൽ എത്തിയത് ആരുടെ സഹായം കൊണ്ടാണ്
2, അദ്ദേഹത്തിന്റെ ചെറുപ്പത്തിൽ കലയോട് എത്തരത്തിലുള്ള അടുപ്പമാണ് ഉണ്ടായിരുന്നത്?
3, ബഹുമാനങ്ങളോട് അദ്ദേഹം എങ്ങനെയാണ് പ്രതികരിക്കുന്നത്.
4, തിരസ്കാരങ്ങളെയും ന്യൂനതകളെയും അദ്ദേഹം എങ്ങനെയാണ് കാണുന്നത്
5, ഈ ഗുണങ്ങൾ കലാകാരന് മാത്രം ഉണ്ടാവേണ്ടതാണോ?

- ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുന്നു
- ക്രോഡീകരണം
  - * കലയോടുള്ള അതിനിവേശം ഒരാളുടെ വ്യക്തിത്വ വികാസത്തെ സഹായിക്കും
  - * വളർച്ചയിൽ സഹായിച്ചവരെയും പ്രോത്സാഹിപ്പിച്ചവരെയും മറക്കാതിരിക്കുകയും അവരോട് എപ്പോഴും നന്ദിയുള്ളവരായിരിക്കുകയും വേണം.
  - * തടസ്സങ്ങളെയും തിരസ്കാരങ്ങളെയും തളർച്ചയില്ലാതെ നേരിടുമ്പോഴാണ് ജീവിത വിജയം സാധ്യമാവുന്നത്.

## പാട്ടിന്റെ പാലാഴി

മനുഷ്യനെ വശീകരിക്കാനുള്ള അഭൗമമായ ശക്തിവിശേഷമാണ് പാട്ടിനുള്ളത്. അനശ്വരമായ സംഗീതധാരകളിലൂടെ കോരിത്തരിപ്പിച്ച എം.എസ് ബാബുരാജ് എന്ന കലാകാരനെ, അദ്ദേഹത്തിന്റെ ജീവിതത്തിലെ ചില അനർഘനിമിഷങ്ങളിലൂടെ പരിചയപ്പെടുത്തുകയാണ് മലയാളത്തിലെ പ്രശസ്ത നാടകകൃത്തായ ശ്രീ.കെ.ടി.മുഹമ്മദ്. "ആ മനുഷ്യൻ ഇദ്ദേഹമായിരുന്നു" എന്ന പേരിൽ ബാബുക്കയെ കുറിച്ചെഴുതിയ അനുസ്മരണക്കുറിപ്പാണ് 'പാട്ടിന്റെ പാലാഴി' എന്ന പാഠഭാഗം.

- **കണ്ടെത്താം, പറയാം**
  - പാഠഭാഗത്തെ ചിത്രങ്ങളോടൊപ്പം യേശുദാസ്, കെ.എസ്. ചിത്ര, മോഹൻലാൽ എന്നിവരുടെ ചിത്രങ്ങൾ കൂടി പ്രദർശിപ്പിക്കുന്നു
  - അതിൽ പരിചിതമായ മുഖങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു
  - മലയാളത്തിലെ പ്രമുഖ കലാകാരന്മാരിവരെന്നും സിനിമാരംഗത്ത് അറിയപ്പെടുന്നവരുമാണെന്ന ആശയത്തിലേക്ക് ചർച്ച നയിക്കുന്നു.
  - തുടർന്ന് ചിത്രത്തിലുള്ള മറ്റു വ്യക്തികളെ അധ്യാപിക പരിചയപ്പെടുത്തുന്നു [ബാബുരാജ്, അബ്ദുൽ ഖാദർ, കെ.പി. ഉമ്മർ, കെ.ടി. മുഹമ്മദ് എന്നിവരുടെ ചിത്രങ്ങൾ]
- തങ്ങൾക്കറിയാവുന്ന ഏതാനും സിനിമാഗാനങ്ങളുടെ പല്ലവി കടികൾ അവതരിപ്പിക്കുന്നു.
- എം.എസ് ബാബുരാജ് ഈണം നൽകിയ പ്രസിദ്ധമായ ചില ഗാനങ്ങളുടെ പല്ലവി കടികളെ കേൾപ്പിക്കുന്നു.
- തുടർന്ന് പാഠഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു

...പറയൂ എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾക്കു പുറമെ താഴെ പറയുന്ന ചോദ്യങ്ങളാം കുട്ടികൾ ഉത്തരം കണ്ടെത്തി പറയുന്നു.

- പോലീസ് ലൈനിലെ സൗഹൃദ സംഘത്തിൽ ആരെല്ലാമാണുണ്ടായിരുന്നത്?
- കുഞ്ഞുമുഹമ്മദ് എന്ന പോലീസുകാരൻ സാബിർ ബാബുവിനെ കൂടെ കൂട്ടാനുള്ള കാരണങ്ങൾ എന്തൊക്കെയാവാം?
- നാടകം അവതരിപ്പിക്കാനുള്ള ആഗ്രഹം നടപ്പിലാക്കാൻ എന്തെല്ലാം ഒരുക്കങ്ങളാണ് അവർ നടത്തിയത്.

- എല്ലാ കുട്ടികൾക്കും ഉത്തരം പറയാനുള്ള അവസരം നൽകുന്നു.
- കുട്ടികൾ നൽകുന്ന ഉത്തരങ്ങൾ ചർച്ചയിലൂടെയും അധ്യാപികയുടെ ഇടപെടലുകളിലൂടെയും പാഠത്തിന്റെ മൊത്തം ആശയങ്ങളുമായി ഒത്തിണങ്ങും വിധം ക്രോഡീകരിക്കുന്നു

വിലയിരുത്തൽ

ഭാഷണത്തിൽ ആശയവ്യക്തത വാക്യങ്ങൾ മുറിഞ്ഞുപോകാതെ പറയാനുള്ള കഴിവ്, വ്യക്തവും സ്ഫുടവുമായി ഉച്ചരിക്കാനുള്ള കഴിവ് എന്നിവ അധ്യാപിക വിലയിരുത്തുന്നു.

- <u>അഭിപ്രായക്കുറിപ്പ്</u>
  - ചില ചോദ്യങ്ങളിലൂടെ പ്രധാനാശയത്തിലേക്ക് കുട്ടികളെ നയിക്കുന്നു.
  - സാബിർ ബാബുവിന്റെ ബാല്യത്തിലെ ജീവിത സാഹചര്യം അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
    - അനാഥമായ ബാല്യം
    - തെരുവുഗായകൻ
    - പോലീസ് ലൈനിലെ പുതിയ ചങ്ങാത്തങ്ങൾ
  - സംഗീതത്തോടൊപ്പം നാടകവും മനസ്സിൽ കയറാനുണ്ടായ സാഹചര്യമെന്ത്?
    - തിയേറ്ററിനടുത്തുള്ള താമസം
    - നാടകങ്ങൾ കാണാനും അറിയാനുമുള്ള ~~[illegible]~~ അവസരം
    - കുഞ്ഞുമുഹമ്മദിന്റെ പ്രോത്സാഹനം
    - കലാവാസനയുള്ള കൂട്ടുകാരുമായുള്ള സഹവാസം

- കുഞ്ഞു മുഹമ്മദ്ക്കയുടെ പ്രത്യേകതകൾ എന്തെല്ലാം ?
  - സഹജീവി സ്നേഹം
  - തികഞ്ഞ കലാസ്വാദകൻ
  - കലാവാസനകൾ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിക്കാനുള്ള മനോഭാവം.

- "അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ വിവേകികൾ"
  (- നളിനി - കുമാരനാശാൻ)

  ഈ വരികൾ കുഞ്ഞു മുഹമ്മദ്ക്കയെ സംബന്ധിച്ചിടത്തോളം എത്രത്തോളം ശരിയാണ് നിങ്ങളുടെ അഭിപ്രായം എഴുതുക.

  ചർച്ചാസൂചനകൾ

  - സ്വന്തം ജീവിതം ധന്യമാകുന്നതെപ്പോഴാണ് ?
  - എങ്ങനെയുള്ളവരാണ് വിവേകികൾ ?

- കുട്ടികൾ വ്യക്തിഗതമായി അഭിപ്രായക്കുറിപ്പ് തയാറാക്കുന്നു
- ഗ്രൂപ്പിൽ ചർച്ച
- പൊതു അവതരണം

വിലയിരുത്തൽ

- സ്വന്തം ജീവിതം മറ്റുള്ളവരുടെ നന്മയ്ക്കായി വിനിയോഗിച്ച വ്യക്തികളെ കണ്ടെത്തി പറയുന്നു.
  - ശ്രീബുദ്ധൻ
  - സ്വാമിവിവേകാനന്ദൻ
  - ഗാന്ധിജി
  - ⋮

ചർച്ചയിലെ പങ്കാളിത്തം അധ്യാപിക വിലയിരുത്തുന്നു.

- പ്രയോഗ സവിശേഷത
  - സംഗീതത്തിൽ ബാബുരാജിനുള്ള പ്രാവീണ്യം വ്യക്തമാക്കാൻ ചേർത്ത പ്രയോഗം കണ്ടെത്തി സവിശേഷതകൾ ചർച്ച ചെയ്യുന്നു..
- കുട്ടികൾ പാഠഭാഗം വായിച്ച് പ്രയോഗം കണ്ടെത്തി പറയുന്നു.

- ▲ "വിരലുകൾ ശബ്ദങ്ങൾക്കിടയിൽ പറക്കുകയാണ് എന്ന് തോന്നിപ്പോകും"

(പ്രസിദ്ധ തബല വാദകന്മാരുടെ തബല വാദിക്കുന്ന ദൃശ്യങ്ങൾ youtube ൽ ലഭ്യമാണ് അത് ക്ലാസിൽ പ്രദർശിപ്പിക്കുന്നു

- ▲ പാഠഭാഗവും ദൃശ്യത്തിൽ കണ്ടതും കുട്ടികൾ താരതമ്യം ചെയ്യുന്നു.

## ജീവിത ചിത്രം

- "പ്രാണസഖി, ഞാൻ വെറുമൊരു
  പാമരനാം പാട്ടുകാരൻ
  ഗാനലോക വീഥികളിൽ
  വേണുവൂതും ആട്ടിടയൻ
  ............"

ബാബുരാജ് ഈണം നൽകിയ ഒരു സിനിമാഗാനത്തിലെ വരികളാണിവ അദ്ദേഹത്തിന്റെ ജീവിതവുമായി ഈ വരികളിലെ ആശയം എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു ചർച്ച ചെയ്യുക.

- വരികളിലെ ആശയം കുട്ടികൾ ചർച്ച ചെയ്യുന്നു.

  പാമരൻ, ഗാനലോകവീഥി, വേണുവൂതുമാട്ടിടയൻ തുടങ്ങിയ പദങ്ങളുടെ അർത്ഥവും പ്രയോഗങ്ങളും അധ്യാപിക വിശദീകരിക്കുന്നു.

- വരികളിലെ ആശയത്തിന് ബാബുരാജിന്റെ ജീവിതവുമായി എത്രത്തോളം ബന്ധമുണ്ട് – പൊതു ചർച്ച
  - ജീവിതത്തിലെ ദാരിദ്ര്യം
  - തെരുവിൽ പാടി നടന്ന ബാല്യം
  -
  -

> 'പരീക്ഷ' എന്ന സിനിമയ്ക്കുവേണ്ടി പി. ഭാസ്കരൻ രചിച്ച് ബാബുരാജ് ഈണം നൽകി യേശുദാസ് ആലപിച്ചതാണ് 'പ്രാണസഖി' എന്നു തുടങ്ങുന്ന ഗാനം

## പരിചയക്കുറിപ്പ്

- കെ.ടി. മുഹമ്മദിനെ പരിചയപ്പെടുത്തിക്കൊണ്ട് TB യിൽ ഈ പാഠത്തിന്റെ അവസാനഭാഗത്തു നൽകിയ കുറിപ്പു വായിക്കാൻ നിർദ്ദേശിക്കുന്നു.
- എന്തെല്ലാം സവിശേഷതകളാണ് അതിനുള്ളത് ചർച്ച ചെയ്ത് എഴുതാൻ നിർദ്ദേശിക്കുന്നു
  - ജീവിതകാലം

- എന്തൊക്കെയാണ് കുറിപ്പിലുള്ളത്?
    - * ജീവിതകാലം - ജന്മസ്ഥലം
    - * സാഹിത്യത്തിലെ സ്ഥാനം
    - * രചനകളുടെ സവിശേഷതകൾ
    - * പ്രധാന കൃതികൾ
    - * ലഭിച്ച പുരസ്കാരങ്ങൾ

- അങ്ങനെയെങ്കിൽ ബാബുരാജിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഒരു കുറിപ്പ് തയ്യാറാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.
    - ബാബുരാജിനെക്കുറിച്ചുള്ള വായന സാമഗ്രികൾ പുസ്തകങ്ങൾ, പത്രകട്ടിങ്ങുകൾ, AB അനുഭവക്കുറിപ്പ് എന്നിവ നൽകുന്നു

- മുൻപ് ചർച്ച ചെയ്ത ഘടകങ്ങൾ ഉൾപ്പെടുത്തി വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കൽ

രചനയിലെ മികവ് വിലയിരുത്തുന്നു

- പരസ്പരം കൈമാറി വായന
- പരസ്പര വിലയിരുത്തൽ
- മെച്ചപ്പെടുത്തൽ

വിലയിരുത്തൽ

- <u>ഉപശീർഷകങ്ങൾ</u>

- 'തിരമനോടം' എന്ന ശീർഷകത്തിന്റെ ഔചിത്യം നേരത്തെ ക്ലാസിൽ ചർച്ച ചെയ്തത് ഓർമ്മപ്പെടുത്തുന്നു.
- ഉപശീർഷകങ്ങൾ രചനകളിൽ ഉപയോഗിക്കുന്നതെന്തിനാണ്?

<u>ഉപശീർഷകം</u>

ലേഖനം, ഉപന്യാസം, തുടങ്ങിയ ഗദ്യരചനകളിൽ ഏർപ്പെടുമ്പോൾ വിഷയത്തിന്റെ പ്രധാനാശയങ്ങളെ ഉപവിഷയങ്ങളായി തരംതിരിച്ചുകൊണ്ട് വിവരിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ പൊതുശീർഷകത്തിനു പുറമെ ഓരോ പ്രധാനാശയത്തിന്റെയും സൂചന വരും വിധത്തിൽ ഉപശീർഷകങ്ങൾ നൽകുന്നു. വായനക്കാർക്ക് ആശയവ്യക്തതയും ലാളിത്യവും വായനാസുഖവും ലഭിക്കാൻ ഇത്തരം ഉപശീർഷകങ്ങൾ സഹായിക്കുന്നു.

- പാഠഭാഗത്തെ ഉപശീർഷകങ്ങൾ ഓരോ ഗ്രൂപ്പുകൾക്ക് നൽകുന്നു. അതാത് ഭാഗത്തെ ആശയവുമായി അവ എത്രത്തോളം പൊരുത്തപ്പെടുന്നു എന്ന് ചർച്ച ചെയ്യുന്നു.

  <u>ചർച്ചാസൂചനകൾ</u>

  - ഉപശീർഷകങ്ങൾ നൽകിയതു കൊണ്ട് എന്തു മേന്മയാണ് ആ രചനകൾക്കുള്ളത്?
  - ഉപശീർഷകങ്ങൾക്ക് എന്തെല്ലാം സവിശേഷതകൾ കാണാൻ കഴിയുന്നു?

- പൊതു അവതരണം
- അധ്യാപികയുടെ ക്രോഡീകരണം.

## അനുസ്മരണച്ചടങ്ങ്

ഒക്ടോബർ 7 ബാബുരാജിന്റെ ചരമദിനമാണ്. അതിനാൽ ആ ദിവസമോ മറ്റേതെങ്കിലും സൗകര്യപ്രദമായ ദിവസമോ അനുസ്മരണ പരിപാടി സംഘടിപ്പിക്കുക.

- പരിപാടിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താം.
  - അനുസ്മരണപ്രസംഗം
  - പാട്ടുകൾ ഓഡിയോ അവതരണം
  - ബാബുരാജ് ഈണം നൽകിയ ഗാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗാനമഞ്ജരി (കുട്ടികളുടെ അവതരണം)
  - ബാബുരാജിന്റെയും സഹപ്രവർത്തകരുടെയും ചിത്രങ്ങൾ പ്രദർശനം.

<u>അനുസ്മരണ പ്രസംഗം</u>

- വ്യക്തിയുടെ ജീവിതം കർമ്മമണ്ഡലം
- വസ്തുനിഷ്ഠവും ആധികാരികവും
- അഭിസംബോധന, ആമുഖം, ഉപസംഹാരം
- പ്രധാനസംഭവങ്ങൾ
- അനശ്വരനാക്കുന്ന ഘടകങ്ങൾ
- പരസ്പരബന്ധം, അടുക്കും ചിട്ടയും
- സ്വന്തം കാഴ്ചപ്പാടിൽ വിലയിരുത്തി അഭിപ്രായം
- ശബ്ദനിയന്ത്രണം, ഉച്ചാരണശുദ്ധി, ഒഴുക്ക്, ഭാവം, നിയന്ത്രിതമായ അംഗവിക്ഷേപം
- ലളിതവും ആകർഷകവുമായ ഭാഷ.

പ്രതിഫലനാത്മകക്കുറിപ്പുകൾ –